# കേരളസർവകലാശാല

നം.പി.ആർ.88/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ബി.എ. (195) (റെഗുലർ – 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2018 അഡ്മിഷൻ, സപ്ലിമെന്ററി – 2016, 2017 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ കരിയർ റിലേറ്റഡ് അഞ്ചാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്, ബി.എസ്സി. ഇലക്ട്രോണിക്സ് (340), സി.ആർ.സി.ബി.സി.എസ്.എസ്. ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017 & 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2022 മാർച്ചിൽ നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.സി.എ. (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 9 മുതൽ കാര്യവട്ടം ക്യാമ്പസിലെ വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്., ഒക്ടോബർ 2021 (2013 സ്കീം) പരീക്ഷയുടെ സിവിൽ എഞ്ചിനീയറിംഗ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പ്രാക്ടിക്കൽ സർവേയിംഗ് – I , സിവിൽ എഞ്ചിനീയറിംഗ് ലാബ് എന്നീ പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം പൂജപ്പുരയിലെ എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമനിൽ വച്ച് മെയ് 4 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ, ഡിസംബർ 2021 (2008 സ്കീം) ഇൻഫർമേഷന് ടെക്നോളജി ബ്രാഞ്ചിന്റെ 'ഇന്റർനെറ്റ് ലാബ് (08607)' പ്രാക്ടിക്കൽ പരീക്ഷ മെയ് 5 ന് തിരുവനന്തപുരം കാര്യവട്ടത്തുള്ള യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രോജക്ട്/വൈവ വോസി

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ.ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (128), ബി.എ.മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (116) പരീക്ഷകളുടെ പ്രോജക്ട് ഇവാല്യുവേഷൻ/വൈവ വോസി പരീക്ഷകൾ മെയ് 11 ന് അതാത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2022 ജൂൺ 6 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ), ജൂൺ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് ആന്റ് സ്കൾപ്പ്ച്ചർ), മെയ് 18 ന് ആരംഭിക്കുന്ന നാലാം വർഷ ബി.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്പ്ച്ചർ ആന്റ് അപ്ലൈഡ് ആർട്ട്) എന്നീ പരീക്ഷകൾക്ക് പിഴകൂടാതെ മെയ് 3 വരെയും 150 രൂപ പിഴയോടെ മെയ് 6 വരെയും 400 രൂപ പിഴയോടെ മെയ് 9 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് 2021 – 2022 അദ്ധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേക്കു കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. കോളേജ് മാറ്റം ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും അനുവദിക്കുന്നതാണ്.

താൽപ്പര്യമുള്ള വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലേയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലേയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടെ 1050 രൂപ ഫീസ് അടച്ച് സർവകലാശാലയിൽ മെയ് 12 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575 രൂപ കൂടി അടയ്ക്കേണ്ടതാണ്. അപേക്ഷ സർവകലാശാല രജിസാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2022 മെയ് 12. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്. അവസാന തീയതിക്ക് ശേഷം നടത്തുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്

## സമ്മർ കോച്ചിംഗ് ക്യാമ്പ്

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന വാർഷിക സമ്മർ കോച്ചിംഗ് ക്യാമ്പ് മേയ് 09 മുതൽ 30 വരെ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതാണ്.

അത്ലറ്റിക്സ്, ഫുട്ബോൾ, ഹാന്റ്ബോൾ, യോഗാസന എന്നീ ഇനങ്ങളിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ 10 വയസ്സിനും 17 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. രാവിലെ 6.30 മുതൽ 8.30 വരെയും വൈകുന്നേരം 4.30 മുതൽ 6.30 വരെയുമാണ് പരിശീലന സമയം. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും പി.എം.ജി.യിലുള്ള ജി.വി. രാജ പവലിയനിൽ പ്രവർത്തിക്കുന്ന കേരളസർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടാവുന്നതാണ്. വിശദവിവരങ്ങൾക്ക്: (ബിജുമോൻ, കോച്ച് - 8075978209, നിതിൻ, കോച്ച് – 7994759331)

## പിഎച്ച്.ഡി. നൽകി

നജ ബി., കാവേരി ബി.എസ്., അമ്പിളി ജയചന്ദ്രൻ, അഖിൽ എം.പി. (കൊമേഴ്സ്), രഞ്ജിനി എസ്.ആർ. (ഹിന്ദി), അനുപമ പി നായർ, ദിവ്യ എൻ.എം., സൂസൻ മറിയാമ്മ ചെറിയാൻ, ശാലിനി മാത്യൂസ്, നിരഞ്ജന രാജ് (ഇക്കണോമിക്സ്), മുഹമ്മദ് കാസീം ഇ. (മലയാളം), ഷാരോൺ കെ സെബാസ്റ്റ്യൻ (പൊളിറ്റിക്കൽ സയൻസ്), ആരോമൽ റ്റി., മീര കെ.ജി. (ഇംഗ്ലീഷ്), നിരീഷ് പി.എച്ച്. (മാനേജ്മെന്റ് സ്റ്റഡീസ്), പ്രദീപ് എം., ആർ.വിനയരവി (മെക്കാനിക്കൽ എഞ്ചിനീയറിംഗ്), എയ്ഞ്ചൽ റോസ് രാജൻ (ഫിസിക്സ്), അജീഷ് എസ്. (ടെക്നോളജി മാനേജ്മെന്റ്), മാർസേയ് അറ്റാഷ്ഗാഹ് (ലിംഗ്വിസ്റ്റിക്സ്), സജിൻ സി.എസ്., ജോർജ് എം. ജോസഫ് (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), നമിത സാറ മാത്യു (മാത്തമാറ്റിക്സ്), സജു ശങ്കർ എസ്. (കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്), നീതു മോഹൻ എസ്. (ബോട്ടണി), റൊണാൾഡ് വിൻ ബി. (മെഡിസിൻ), ശ്വേത ശ്രീകുമാർ (ബയോടെക്നോളജി), ദീന ബാലകൃ

ഷ്ണൻ (സൈക്കോളജി), ചന്ദന ജെ.എസ്. (സുവോളജി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

**തിരുവനന്തപുരം,**
**29.04.2022.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**